LIBRARY ARCHIVES Kerala Legislative Assembly

ഹീമോഫീലിയ രോഗികൾക്ക് ധനസഹായം

271 (3251) ശ്രീ. കെ. കഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യനീതി വകുപ്പിന്റെ സമാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഹീമോഫീലിയ രോഗികൾക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ ;

(ബി) കാസർഗോഡ് ജില്ലയിൽ എത്ര രോഗികൾക്കാണ് ഇക നൽകുന്നത് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ഈ ഇക ജില്ലയിൽ നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ നൽകാതിരിക്കാനുള്ള കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) 4 പേർക്ക് ബാങ്ക് അക്കൗണ്ട് മുഖേന പെൻഷൻ അനുവദിച്ചു വരുന്നു. അർഹരായ 21 അപേക്ഷകർക്ക് കൂടി മാർച്ച് 31-നകം പെൻഷൻ തുക നൽകുന്നതാണ്. രണ്ട് അപേക്ഷകരുടെ അർഹത പരിശോധിച്ചുവരികയാണ്.

ചാലക്കുടി, കൊടകര ബ്ലോക്ക് പഞ്ചായത്തുകളുടെ കീഴിലുള്ള അംഗൻവാടികളുടെ നവീകരണം

272 (3252) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചാലക്കുടി മണ്ഡലത്തിലെ ചാലക്കുടി, കൊടകര ബ്ലോക്ക് പഞ്ചായത്തുകളുടെ കീഴിലുള്ള ഏതെല്ലാം അംഗൻവാടികളുടെ നവീകരണത്തിനാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്നും നടപടികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ ?

ഉത്തരം

ചാലക്കുടി നിയോജക മണ്ഡലത്തിൽ ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിലെ കാടുകുറ്റി ഗ്രാമപഞ്ചായത്തിലെ സെന്റർ നമ്പർ 7181415,22,5 എന്നിവയുടെയും കൊടകര ബ്ലോക്ക് പഞ്ചായത്തിലെ അളഗപ്പ നഗർ ഗ്രാമപഞ്ചായത്തിലെ സെന്റർ നമ്പർ 17, മറ്റത്തൂർ ഗ്രാമപഞ്ചായത്തിലെ സെന്റർ നമ്പർ 38, 49, 57, 64, 65, 62, 56, 63 എന്നിവയുടെയും കെട്ടിടങ്ങൾ നവീകരണം ചെയ്യുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ട്. ഇതിനാവശ്യമായ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.